# Visit of External Affairs Minister of India to Qatar (December 27-28, 2020)

December 28, 2020

---

## ഇന്ത്യൻ വിദേശകാര്യമന്ത്രിയുടെ ഖത്തർ സന്ദർശനം (ഡിസംബർ 27-28 ,2020)

ഡിസംബർ 28, 2020

ഇന്ത്യൻ വിദേശകാര്യമന്ത്രി ഡോ .എസ് ജയശങ്കർ ഡിസംബർ 27-28 ദിവസങ്ങളിലായി, ഇന്ത്യയിലേക്ക് ഔദ്യോഗിക സന്ദർശനം നടത്തി. സന്ദർശനത്തിനിടയിൽ അദ്ദേഹം രാജ്യത്തെ അമീർ, അമീറിന്റെ പിതാവ്, പ്രധാനമന്ത്രി കൂടാതെ ആഭ്യന്തര മന്ത്രി എന്നിവരുമായും കൂടിക്കാഴ്ച നടത്തി കൂടാതെ ഉപപ്രധാനമന്ത്രിയായും വിദേശകാര്യമന്ത്രിയുമായും വിശദമായ ചർച്ചകളും നടത്തിയിരുന്നു.

കോവിഡ്-19 സമയത്തെ ഇന്ത്യയിൽ നിന്നുള്ളവര്ക്ക് നൽകിയ ജാഗ്രതയിൽ നന്ദി പറയുന്നതിനായി അമീർ ഷെയ്ഖ് തമിം ബിൻ ഹമദ് അൽ താനിയെ ഇന്ത്യയിലേക്ക് ക്ഷണിച്ചുകൊണ്ടുള്ള പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ വ്യക്തിഗത ക്ഷണം അദ്ദേഹം കൈമാറി.അമീർ ക്ഷണം സ്വീകരിക്കുകയും ഏറ്റവുമടുത്ത തിയ്യതിയിൽ ഇന്ത്യ സന്ദർശിക്കുമെന്ന് വാക്ക് നൽകുകയും ചെയ്തു. ഊർജം, നിക്ഷേപങ്ങൾ എന്നിവയുടെ മേഖലയിൽ പ്രവർത്തന സംഘങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനമെടുത്ത ഇന്ത്യൻ പ്രധാനമന്ത്രിയുമായുള്ള ടെലിഫോൺ സംഭാഷണം അദ്ദേഹം അനുസ്മരിക്കുകയും ചെയ്തു.ഈ തീരുമാനം നടപ്പിലാക്കാൻ ഇരു വിഭാഗവും ശ്രമിച്ചു കൊണ്ടിരിക്കുകയാണ്..

അമീറിന്റെ പിതാവായ അമീർ അഹേഖ് ഹമദ് ബിൻ ഖലീഫ അൽ താനി, ഖാതിരിലുള്ള ഇന്ത്യൻ ജനതയുടെ സംഭാവനകളെ പ്രശംസിക്കുകയും ഇന്ത്യയിലേക്കുള്ള തങ്ങളുടെ സന്ദർശനത്തെ അനുസ്മരിക്കുകയും ചെയ്തു.ഇന്ത്യ -ഖത്തർ ബന്ധങ്ങളിൽ അദ്ദേഹം തുടർന്ന് നൽകിവരുന്ന മാർഗ നിർദേശങ്ങൾക്ക് വിദേശകാര്യ മന്ത്രി നന്ദി അറിയിച്ചു.ആഗോളതലത്തിലും പ്രാദേശിക തലത്തിലും ഉള്ള അദ്ദേഹത്തിൻറെ ഉൾകാഴ്ചകളെയും വിദേശകാര്യമന്ത്രി അഭിനന്ദിച്ചു.

ഉഭയകക്ഷി സാമ്പത്തിക ബന്ധങ്ങളും സുരക്ഷാ സഹകരണവും മെച്ചപ്പെടുത്തുന്നതിന് പ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയുമായ ഷെയ്ഖ് ഖാലിദ് ബിൻ അബ്ദുൽ അസീസ് അൽ താനി വിദേശകാര്യകാര്യമന്ത്രിയുമായി ചർച്ചകൾ നടത്തി.

ഉപ പ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ ഷെയ്ഖ് മുഹമ്മദ് ബിൻ അബ്ദുൽ റഹ്മാൻ ബിൻ ജാസ്സിം അൽ താനിയുമായി ഇരു രാജ്യങ്ങൾക്കും താല്പര്യമുള്ള പ്രാദേശികവും അന്തർദേശീയവുമായ പ്രശ്നങ്ങളെ വിദേശകാര്യമന്ത്രി ചർച്ച ചെയ്തു.ഊർജം, വാണിജ്യം, നിക്ഷേപം, ഭക്ഷണ സംസ്കരണം, ആരോഗ്യ പരിചരണം,സംസ്കാരം, പ്രതിരോധം, കൂടാതെ സുരക്ഷ എന്നിങ്ങനെ ബഹുമുഖമായ മേഖലകളിൽ ഉഭയകക്ഷി ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള മാർഗങ്ങളെ ക്കുറിച്ചും ഇരു നേതാക്കളും തമ്മിൽ സംസാരിച്ചു.ബഹുരാഷ്ട്ര ഫോറമുകളിൽ ഇരു വിഭാഗങ്ങള്ക്കും താല്പര്യമുള്ള വിഷയങ്ങളിൽ സ്ഥിരമായ ഏകോപനവും സഹകരണവും നിലനിർത്തുന്നതിന് അവർ അംഗീകരിച്ചു. 2021 ലെ ആയ ജോയിന്റ് കമ്മീഷൻ മീറ്റിംഗിൽ പങ്കെടുക്കുന്നതിന് ഖത്തറിന്റെ ഉപപ്രധാനമന്ത്രിയെയും വിദേശകാര്യമന്ത്രിയെയും ഇന്ത്യൻ വിദേശകാര്യമന്ത്രി സ്വാഗതം ചെയ്തു.

ഖത്തർ ചേംബർ ഫോർ കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി, ഖത്തർ ബിസിനെസ്സ്മാൻ അസോസിയേഷൻ എന്നിവയിൽ നിന്നുള്ള ബിസിനെസ്സ് നേതാക്കളുമായും വിദേശകാര്യമന്ത്രി സംസാരിച്ചു.ഇന്ത്യയുമായുള്ള വ്യവസായ ബന്ധങ്ങളിൽ അവർ പുലർത്തുന്ന പ്രതിബന്ധതയെ അദ്ദേഹം അഭിനന്ദിക്കുകയും ആത്മനിർബർ ഭാരതിലൂടെ വരാനിരിക്കുന്ന അവസരങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയും ചെയ്തു.

ഖത്തറിലെ ഇന്ത്യൻ സമൂഹവുമായി വിർച്ചലായി അദ്ദേഹം സംവദിച്ചു.കോവിഡ്-19 പ്രതിസന്ധികളെ നേരിടുന്നതിനുള്ള സമൂഹത്തിലെ സംഭാവനകളെ അദ്ദേഹം പ്രശംസിച്ചു. ഇന്ത്യൻ കമ്പനിയായ L & T ഖത്തർ പങ്കാളികളായ അൽ ബാലാഹ് ഗ്രോപ്പുമായി ചേർന്ന് നിർമിച്ച അഹമ്മദ് ബിൻ അൽ FIFA സ്റ്റേഡിയവും ഖത്തറിലെ ദേശീയ മ്യൂസിയവും അദ്ദേഹം സന്ദർശിച്ചു.

**ദോഹ**
**28 ഡിസംബർ , 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.